സ.ഉ.(സാധാ) നം.57/2023/LBR

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

19 JAN 2023

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് മറ്റ് ഡിഗ്രി, ഡിപ്ലോമ കോഴ്സ് സർട്ടിഫിക്കറ്റുകളുമായി തുല്യതപ്പെടുത്തുവാനോ ടി കോഴ്സുകൾ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റിന്റെ ഉയർന്ന യോഗ്യത എന്ന് പറയുവാനോ കഴിയില്ല എന്ന് സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.57/2023/LBR തീയതി,തിരുവനന്തപുരം, 17-01-2023

---

പരാമർശം:- 1. 30.07.2022-ലെ സ.ഉ(സാധാ) നം.171/2022/ഉ.വ.വ.

2. പരാതിക്കാർക്ക് ഡി.ജി.റ്റി നൽകിയ 10.08.2022-ലെ MSDE (DGT)-07/03/2022-CD നമ്പർ വിവരാവകാശ മറുപടി.

3. 27.10.2022-ൽ MSDE (DGT)-07/17/2021(TL)-CD(e-423625) നമ്പരായി ട്രെയിനിംഗ് ഡയറക്ടർക്ക് നല്കിയ ഡി.ജി.റ്റി.യുടെ കത്ത്.

4. ട്രെയിനിംഗ് ഡയറക്ടറുടെ 11.01.2023-ലെ ഡിടി/4135/2022-എഫ്1 നമ്പർ കത്ത്.

**ഉത്തരവ്**

ഐ.ടി.ഐ. അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ഡിപ്ലോമ/ ബി.ടെക്/ എം.ടെക് യോഗ്യതക്കാരെ പരിഗണിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ സർക്കാരിലേയ്ക്ക് ലഭ്യമാവുകയുണ്ടായി. ഐ.ടി.ഐ അടിസ്ഥാന യോഗ്യതയായി കേരള പി.എസ്.സി ക്ഷണിച്ചിട്ടുള്ള വിവിധ തസ്തികകളിലെ നിയമനത്തിൽ ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത് മൂലം ഐ.ടി.ഐ യോഗ്യതയുള്ളവർ തഴയപ്പെടുന്നു എന്ന് മേൽ നിവേദനങ്ങളിൽ പരാതിപ്പെട്ടിരുന്നു.

2) ഈ വിഷയം പരിശോധിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ നിയമിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരാമർശം 4-ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം 3-ലെ ഡി.ജി.റ്റി.യുടെ കത്ത് പ്രകാരം രാജ്യത്തെ വിവിധ ഐ.ടി.ഐ.കൾ (ഗവൺമെന്റ് / പ്രൈവറ്റ്) എൻ.എസ്.ടി.ഐ എന്നിവയിലൂടെ വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സുകൾ നടത്തി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്ന ട്രെയിനികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നു. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ഡിപ്ലോമ, ബിടെക് കോഴ്സുകൾ ഒന്നും തന്നെ നടത്തുന്നില്ല. ബിടെക്, ഡിപ്ലോമ കോഴ്സുകൾ എ.ഐ.സി.ടി.ഇ ആണ് നടത്തുന്നത്.



Generated from eOffice by SHAFINA U S, F1 DTTVPM, F1 DTTVPM, KSITD on 20/02/2023 11:07 AM

3) ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) നൽകിയ പരാമർശം 2-ലെ വിവരാവകാശ മറുപടിയിലും ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് മറ്റ് ഡിഗ്രി, ഡിപ്ലോമ കോഴ്സ് സർട്ടിഫിക്കറ്റുകളുമായി തുല്യതപ്പെടുത്തുവാനോ ഉയർന്ന യോഗ്യത എന്ന് പറയുവാനോ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പരാമർശം 1-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നൽകുന്ന ബി.ടെക് സർട്ടിഫിക്കറ്റുകൾ അതാത് ബ്രാഞ്ചുകളിൽ ഉള്ള ഡിപ്ലോമ, ഐ.ടി.ഐ. ഐ.ടി.സി, കെ.ജി.സി.ഇ, കെ.ജി.ടി.ഇ. എൻ.എ.സി. എൻ.ടി.സി സർട്ടിഫിക്കറ്റുകളുടെ ഉയർന്ന യോഗ്യതയാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) കേരളത്തിൽ വിവിധ ട്രേഡുകളിൽ ഐ.ടി.ഐ. കോഴ്സുകൾ നടത്തുന്നത് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റാണ്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ആണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നത്. പഠനത്തിലും പഠന രീതിയിലും ധാരാളം വ്യത്യാസങ്ങൾ ഐ.ടി.ഐ വിദ്യാഭ്യാസവും എൻജിനീയറിംഗ് / ഡിപ്ലോമ കോഴ്സുകളും തമ്മിൽ ഉണ്ട്. ഐ.ടി.ഐ. പഠനത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള വിദഗ്ധ തൊഴിലാളികളെ രൂപപ്പെടുത്തിയെടുക്കുന്ന "നൈപുണ്യം വർദ്ധിപ്പിക്കാനുള്ള കരിക്കുലം" ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എഞ്ചിനീയറിംഗ് / ഡിപ്ലോമ വിദ്യാഭ്യാസത്തിൽ നൈപുണ്യത്തേക്കാൾ കൂടുതൽ പ്രാധാന്യം അക്കാഡമിക് രംഗത്തിനാണ് നൽകിയിരിക്കുന്നത്. എഞ്ചിനീയറിംഗ് / ഡിപ്ലോമ കോഴ്സുകളെ ഐ.ടി.ഐ/എൻ.എ.സി. എൻ.ടി.സി ട്രേഡ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന കോഴ്സുകളുമായി തുല്യതപ്പെടുത്തുന്നതിന് സാധിക്കുകയില്ലായെന്ന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് വ്യക്തമാക്കിയിട്ടുള്ളതാണ്.

5) തൊഴിൽ വൈദഗ്ദ്ധ്യം വേണ്ടുന്ന തൊഴിൽ ശാലകളിലും മേഖലകളിലും ഐ.ടി.ഐ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തന്നെ തൊഴിലവസരം നൽകേണ്ടതാണ്. ആയതിനാൽ പരാമർശം 1-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പുനപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്, വിദഗ്ധ കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ. ഐ.ടി.ഐ അടിസ്ഥാന യോഗ്യതയായി ആവശ്യപ്പെട്ട് പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുന്ന വിവിധ വകുപ്പുകളിലെ തസ്തികകളിൽ ഐ.ടി.ഐ കോഴ്സ് പഠിച്ച് വിജയിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക് തൊഴിൽ ലഭ്യമാക്കുന്ന രീതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.ടി.ഐ അടിസ്ഥാന യോഗ്യതയായി കേരള പി.എസ്.സി ക്ഷണിച്ചിട്ടുള്ള വിവിധ തസ്തികകളുടെ ഷോർട്ട് ലിസ്റ്റ്/ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പരീക്ഷാഫലം കാത്തിരിക്കുന്നതുമായ, ഐ.ടി.ഐ. അടിസ്ഥാന യോഗ്യതയുള്ള, നിരവധി ഉദ്യോഗാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും, വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന കോഴ്സിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ തൊഴിൽ ലഭ്യത നഷ്ടമാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് വകുപ്പിന്റെ ധാർമ്മിക ബാധ്യതയിൽ ഉൾപ്പെടുന്ന വിഷയമാണെന്നത് പരിഗണിച്ചും, ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ, വിദഗ്ധ കമ്മിറ്റി റിപ്പോർട്ട്, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിൽ (DGT) നിന്നും ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും ഐ.ടി.ഐ അടിസ്ഥാന യോഗ്യതയായി

നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേയ്ക്കുള്ള നിയമനത്തിന്, ഐ.ടി.ഐ/ഐ.ടി.സി./എൻ.എ.സി/എൻ.ടി.സി ട്രേഡ് സർട്ടിഫിക്കറ്റിനെ മറ്റ് ഡിഗ്രി, ഡിപ്ലോമ, കോഴ്സ് സർട്ടിഫിക്കറ്റുകളുമായി തുല്യതപ്പെടുത്തുവാനോ ടി കോഴ്സുകൾ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റിന്റെ ഉയർന്ന യോഗ്യത എന്ന് പറയുവാനോ കഴിയില്ല എന്ന് സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 18-01-2023 11:49:37

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്



Generated from eOffice by SHAFINA U S, F1 DTTVPM, F1 DTTVPM, KSITD on 20/02/2023 11:07 AM